' ഭരണഭാഷ - മാതൃഭാഷ '

**ജില്ലാ പട്ടികജാതി വികസന ആഫീസ്,**
**മിനി സിവിൽ സ്റ്റേഷൻ (മൂന്നാം നില) പത്തനംതിട്ട, പിൻ -689 645**
**ഫോൺ 0468-2322712 ഇ-മെയിൽ ddopta@gmail.com**

എഫ്- **01/22** തീയതി: **02.11.2022**

അസി.ജില്ലാ പട്ടികജാതി വികസന ഓഫീസർ,
പത്തനംതിട്ട.

പ്രിൻസിപ്പാൾ,

........................

........................

സർ,

വിഷയം :- പട്ടികജാതി വികസനം- ഇ-ഗ്രാന്റ്സ് - 2022-23 വർഷത്തെ **അപേക്ഷകൾ അയയ്ക്കുന്നത്** - സംബന്ധിച്ച്.

സൂചന :- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ **30.06.2022** -ലെ **SCDD/3401/2022-B1 (EDN-B)** നമ്പർ കത്ത് .
2. ഈ ഓഫീസിലെ **05/07/2022** ലെ **01/22** ഇതേ നമ്പർ കത്ത്.

-------

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2022-23 വർഷത്തെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022-23 വർഷം ഫ്രഷ്/റിന്യൂവൽ ആയി അപേക്ഷിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും Aadhaar Seeded Bank Account കളിലേക്ക് മാത്രമേ സ്കോളർഷിപ്പ് തുക ലഭിക്കുകയുള്ളൂ. ആയതിനാൽ എല്ലാ പട്ടികജാതി വിദ്യാർത്ഥികളും അവരുടെ ബാങ്ക് അക്കൗണ്ടുകൾ Aadhaar Seeded ആക്കി മാറ്റണം. 2022-23 മുതൽ സ്കോളർഷിപ്പിന്റെ സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം എന്നിവയുടെ വിതരണം പൂർണമായും PFMS മുഖേന ആധാർ അധിഷ്ഠിതമായിരിക്കും. ആയതിനാൽ ബാങ്ക് അക്കൗണ്ടുകൾ Aadhaar Seeded ആക്കി മാറ്റൽ നിർബന്ധമാണ്.

2. 2022-23 വർഷം മുതൽ UDISC/AISHE Code ഇല്ലാത്ത സ്ഥാപനങ്ങളുടെ സ്കോളർഷിപ്പ് അപേക്ഷകൾ പരിഗണിക്കുവാൻ കഴിയില്ല. ആയതിനാൽ പ്രസ്തുത കോഡില്ലാത്ത സ്ഥാപനങ്ങൾ എത്രയും വേഗം ആയത് ലഭ്യമാക്കേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും മേൽ കോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസിലേക്ക് അടിയന്തിരമായി രേഖാമൂലം അറിയിക്കേണ്ടതാണ്.

താങ്കളുടെ സ്ഥാപനത്തിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് Aadhaar Seeding സംബന്ധിച്ച് മതിയായ അറിയിപ്പ് നൽകേണ്ടതും 2022-23 വർഷം അഡ്മിഷൻ നേടിയിട്ടുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് രജിസ്ട്രേഷൻ അടിയന്തിരമായി പൂർത്തിയാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

അസി.ജില്ലാ പട്ടികജാതി വികസന ഓഫീസർ

Sh. 2.11.2022